പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1985 19.06.2012 -ലെ മറുപടി

മാവേലിക്കര ഡിപ്പോയിൽ ഡ്രൈവർമാരുടെയും സ്പെയർ പാർട്സിന്റെയും കുറവ്

ചോദ്യം

ശ്രീ. ആർ രാജേഷ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ബസ്സുകളുടെ ഷാസികൾ ഉപയോഗിക്കാതെ കാടുപിടിച്ച് കിടക്കുന്ന പത്രവാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബോഡി നിർമ്മാണത്തിനാവശ്യമായ ഏതാനും സുപ്രധാന സാമഗ്രികൾ വാങ്ങുന്നതിനെ സംബന്ധിച്ച് ബഹു. ഹൈക്കോടതിയിൽ വ്യവഹാരമുണ്ടായതിനാൽ പ്രസ്തുത സാധനത്തിന്റെ കേന്ദ്രീകൃത വാങ്ങൽ തടസ്സപ്പെട്ടതുമൂലവും, തൊഴിലാളികളുടെ കുറവുമൂലവും ബോഡി നിർമ്മാണം പൂർണ്ണശേഷിയിൽ നടപ്പാക്കാൻ കഴിയാതെ വന്നതാണ് ഇതിനുകാരണം. ഇത് രണ്ടും പരിഹരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | മാവേലിക്കര ഡിപ്പോയിൽ ഡ്രൈവർമാരുടെയും സ്പെയർ പാർട്സിന്റെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ഉണ്ട്.<br>ഡ്രൈവർമാരുടെ കുറവ് പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതാണ്.<br>നിലവിൽ 9 ബസ്സുകൾ വിവിധ പണികൾക്കായി പിടിച്ചിട്ടുണ്ട്. ഇതിൽ 5 ബസ്സുകൾ എൻജിൻ, 3 ബസ്സുകൾ ആക്സിഡന്റ് റിപ്പയർ, 1 ബസ് റിയർ ആക്സിൽ എന്നിവയ്ക്കാണ് ഡോക്ക് ചെയ്തിട്ടുള്ളത്. ഇതിന് ആവശ്യമായ സ്പെയർ പാർട്സുകൾ നൽകി നിരത്തിലിറക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ